"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) -ന് പദ്ധതിവിഹിതത്തിൽനിന്ന് അഞ്ചാംഗഡു തുക അനുവദിച്ച് ഉത്തരവ് പുറപ്പെട്ടവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.241/2024/SJD  തീയതി,തിരുവനന്തപുരം, 15-11-2024

---

പരാമർശം:-

1. 23.04.2024-ലെ സ. ഉ. (സാധാ) നമ്പർ. 65/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
2. 07.06.2024-ലെ സ. ഉ. (സാധാ) നമ്പർ. 115/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
3. 16. 08.2024-ലെ സ. ഉ. (സാധാ) നമ്പർ. 197/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
4. 05.10.2024-ലെ സ. ഉ. (സാധാ) നമ്പർ. 227/2024/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
5. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് എക്സിക്യൂട്ടിവ് ഡയറക്ടറുടെ 23.10.2024-ലെ 502/2022/നിഷ്/ഫിൻ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്വിച്ച് ആൻഡ് ഹിയറിംഗിന്റെ (നിഷ്) പദ്ധതിപ്രവർത്തനങ്ങൾക്കായി 2024-2025 സാമ്പത്തികവർഷം 2235-02-101-85-പ്ലാൻ ശീർഷകത്തിൽ 19,50,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്ന് ടി സ്ഥാപനത്തിലെ ജീവനക്കാർക്കുള്ള സെപ്റ്റംബർ മാസം വരെയുള്ള ശമ്പളം അനുവദിക്കുന്നതിനായി ആകെ 6,20,00,000/- രൂപ പരാമർശം 1, 2, 3, 4 ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്.

2. ജീവനക്കാരുടെ 2024 ഒക്ടോബർ മാസം മുതൽ 2025 ഫെബ്രുവരി മാസം വരെയുള്ള ശമ്പളം, ലീവ് സറണ്ടർ ആനുകൂല്യം എന്നിവ നൽകുന്നതിനായി 2024-2025 സാമ്പത്തികവർഷത്തെ മേൽപ്പറഞ്ഞ ശീർഷകത്തിൽനിന്ന് 3,58,00,000/- രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് നിഷ് എക്സിക്യൂട്ടിവ് ഡയറക്ടർ പരാമർശം 5-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തിന്റെ പദ്ധതി പ്രവർത്തനത്തിനായി 2024-2025

സാമ്പത്തികവർഷം 2235-02-101-85-പ്ലാൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്ന്, പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്കുള്ള അടുത്ത രണ്ടുമാസത്തെ ശമ്പളം നൽകുന്നതിനായി, അഞ്ചാം ഗഡുവായി 1,60,00,000/- രൂപ (ഒരു കോടി അറുപതുലക്ഷംരൂപ മാത്രം) അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടിവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്), ആക്കുളം, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയേറ്റ് സബ് ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (12.11.2024-ലെ ഡബ്ളിയു.ഡബ്ളിയു.2/97/2023/ധന കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 15-11-2024 15:54:42
സെക്ഷൻ ഓഫീസർ